പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 579 — 08.07.2013 ൽ മറുപടിയ്ക്ക്

**ഐ.കെ.എം. സോഫ്റ്റ്‌വെയറിലൂടെ**
**പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഓൺലൈൻ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ബെന്നി ബെഹനാൻ: | ഡോ:എം.കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഐ.കെ.എം സോഫ്റ്റ്‌വെയറിലൂടെ പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) പഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ വെബ് സർവ്വീസിലേക്ക് മാറിക്കഴിഞ്ഞു. പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരള മിഷൻ - ന്റെ സാങ്കേതിക സഹായത്താലും നിർദ്ദേശങ്ങളാലും ആണ് കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ചിട്ടുള്ള വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ച് ഡിജിറ്റൈസ് ചെയ്ത് ഇ-ഗവേണൻസിലൂടെയും, എം-ഗവേണൻസിലൂടെയും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും നെറ്റ് വർക്കിംഗ് (വി.പി.എൻ) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി സേവന (സിവിൽ രജിസ്ട്രേഷൻ & പെൻഷൻ) (എന്നിവയുമായി ബന്ധപ്പെട്ടത്), സുലേഖ (പദ്ധതിയുമായി ബന്ധപ്പെട്ടത്), സൂചിക (ഫ്രണ്ട് ഓഫീസ് സംവിധാനം), സാംഖ്യ |

(അക്കൗണ്ടിംഗുമായി ബന്ധപ്പെട്ടത്), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ്), സഞ്ചയ (ബിൽഡിംഗ് ടാക്സ്) എന്നീ സോഫ്റ്റ് വെയറുകൾ പഞ്ചായത്തുകളിൽ മുഴുവനായോ ഭാഗികമായോ വിന്യസിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| ബി) എന്തെല്ലാം സേവനങ്ങളാണ് ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശം അറിയിക്കുമോ; | ബി) പഞ്ചായത്തുകളിൽ നിന്ന് ഇതിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്: |

- ജനന -മരണ വിവാഹ ഓൺലൈൻ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും.
- സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇലക്ട്രോണിക് മണിയോർഡറുകൾ വഴി വിതരണം.
- നികുതിദായകർക്ക് ലോകത്ത് എവിടെ നിന്നും ഓൺലൈനായി വസ്തു നികുതി അടയ്ക്കുവാൻ കഴിയുന്ന ഇ-പേയ്മെന്റ് സംവിധാനം.
- ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന വിവിധ അപേക്ഷകളുടെ തൽസ്ഥിതി അപേക്ഷകന് വെബ്സൈറ്റ് വഴി അറിയാൻ കഴിയുന്ന സംവിധാനം.
- ഗ്രാമപഞ്ചായത്ത് പരസ്യപ്പെടുത്തുന്ന വിവിധ അറിയിപ്പുകൾ, സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് വകുപ്പ് അറിയിപ്പുകൾ എന്നിവ വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സംവിധാനം.
- സിവിൽ രജിസ്ട്രേഷൻ വിവരങ്ങളും കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് വിവരങ്ങളും SMS മുഖേന പൊതുജനങ്ങളെ അറിയിക്കുന്ന സംവിധാനം.

| | |
|---|---|
| (സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | (സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ എല്ലാ പഞ്ചായത്തുകളിലും വിന്യസിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളിൽ നിന്നുള്ള സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും VPN/ KSWAN വഴി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഒരു പഞ്ചായത്ത് ഒഴികെ മറ്റെല്ലാ പഞ്ചായത്തുകളിലും കണക്റ്റിവിറ്റി സംവിധാനം പൂർണ്ണമായിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ബ്ലോക്ക് തലത്തിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ നിന്നുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി സംസ്ഥാനതല ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് തുടങ്ങിയ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ അടിസ്ഥാന പരിശീലനവും, സോഫ്റ്റ്‌വെയറിലുള്ള പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ